# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1899 – 08/03/2018 ലെ മറുപടിക്ക്

## പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം

ചോദ്യം | ഉത്തരം

ശ്രീ.വി.പി.സജീന്ദ്രൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ പ്രതിമാസ വരവും പ്രതിമാസ ചെലവും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാനത്തിന്റെ റവന്യൂ വരുമാനവും റവന്യൂ ചെലവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. നോട്ട് നിരോധനവും പ്രതീക്ഷിച്ച തോതിൽ ജി.എസ്.ടി. വരുമാനം ഉയരാത്തതും ഈ അന്തരം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. |
| ബി | ഈ അന്തരം കുറയ്ക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്. ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും റവന്യൂകമ്മി കുറയ്ക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.<br>ജി.എസ്.ടി -യുടെ ഭാഗമായി ഫെബ്രുവരി ഒന്നു മുതൽ ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതു വഴി ജി.എസ്.ടി -യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ |

| | | |
|---|---|---|
| | | കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു.<br>അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബജറ്റ് വിഹിതത്തിനു പുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടു വരും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്തിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവു ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനു പകരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാ ചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തും.<br>സംസ്ഥാന തനത് നികുതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ചുവരുന്ന റവന്യൂ ചെലവുമാണ് റവന്യൂകമ്മി നിയന്ത്രിക്കുന്നതിന് തടസ്സമായ കാരണങ്ങൾ. റവന്യൂ കമ്മി കുറച്ചുകൊണ്ടു വരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം |

| | | |
|---|---|---|
| | | കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17 -ൽ റവന്യൂ കമ്മി 2.5 ശതമാനമായിരുന്നു. 2017-18 -ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19 -ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ